എന്ന കമ്പ്യൂട്ടർ സിസ്റ്റം സ്ഥാപിച്ചിട്ടുള്ളതിനാൽ സംസ്ഥാനത്ത് അറസ്റ്റ് ചെയ്യപ്പെടുന്ന കുറ്റവാളികളുടെ മുൻശിക്ഷാ വിവരങ്ങൾ വളരെവേഗത്തിൽ കണ്ടുപിടിക്കുന്നതിന് ഇപ്പോൾ സാദ്ധ്യമാണ്. കുറ്റകൃത്യം നടന്ന സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന വിരലടയാളങ്ങൾ ബ്യൂറോയിൽ ഉള്ള റിക്കാർഡുകളുമായി താരതമ്യം ചെയ്തു പരിശോധിക്കുന്നതിനും ഈ സംവിധാനം വളരെയേറെ ഫലപ്രദമാണ്. കൂടാതെ കുറ്റകൃത്യം നടന്ന സ്ഥലത്തുനിന്നും വിരലടയാളങ്ങൾ തെളിയിച്ചെടുക്കുന്നതിന് പോളിലൈറ്റ്, പോളിറെ എന്നീ ആധുനിക ലേസർ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. പോളിഗ്രാഫ് ഉപകരണത്തിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിഷ്കൃത ആയുധങ്ങളായ റ്റി-62 എം.എം., എസ്.എൽ.ആർ., എ.കെ. 47 എന്നീ റൈഫിളുകളും വാർത്താവിനിമയ സൗകര്യത്തിനായി മൊബൈൽ ഫോൺ അടക്കമുള്ള 'ഹാൻഡ്ഹെൽഡ് വാക്കിടോക്കി'യും പോലീസ് സേനയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ കൃത്രിമോപഗ്രഹം വഴിയുള്ള ആധുനിക വാർത്താവിനിമയ സംവിധാനം പ്രാവർത്തികമാക്കാനുള്ള നടപടികളും കേരളത്തിലെ പ്രധാന നഗരങ്ങളിൽ ഗതാഗത നിയന്ത്രണത്തിനും കാൽനട പട്രോളിംഗിനുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന വളരെ ഉയർന്ന തരംഗദൈർഘ്യമുള്ള വാർത്താവിനിമയ ഉപകരണങ്ങൾ സ്ഥാപിക്കുവാനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ട്രാഫിക് സുരക്ഷ ലക്ഷ്യമാക്കിയുള്ള നടപടികൾ

42 (2971) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് സുരക്ഷയെ സംബന്ധിച്ച് സർക്കാർ രൂപീകരിച്ചിട്ടുള്ള ഉന്നതതല കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) വാഹനാപകടം ഒഴിവാക്കുന്നതിന് ദൈനംദിന പട്രോളിംഗ് സമ്പ്രദായം എല്ലാ ജില്ലകളിലും നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും ദൈനംദിന പട്രോളിംഗ് സമ്പ്രദായം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ വഴി നടപ്പിലാക്കിവരുന്നു.

(സി)&(ഡി) വാഹനാപകടം ഒഴിവാക്കുന്നതിന് ദൈനംദിന പട്രോളിംഗ് എല്ലാ ജില്ലകളിലും നടത്തി വരുന്നുണ്ട്. കൂടാതെ ഡിവൈ.എസ്.പി./സി.ഐ. മാരുടെ നേതൃത്വത്തിൽ ഇടുക്കി, വയനാട് ജില്ലകളൊഴികെ എല്ലാ ജില്ലക

LIBRARY ARCHIVES Kerala Legislative Assembly

ളിലും പ്രത്യേക ഹൈവേ പട്രോളിംഗും വാഹന പരിശോധനയും നടത്തിവരുന്നുണ്ട്.

സംസ്ഥാനത്തെ മോഷണക്കേസ്സുകൾ

43 (2972)ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത്സൂപ്പി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1997-98, 1998-99 വർഷങ്ങളിൽ നടന്ന മോഷണ കേസ്സുകളിലെല്ലാംകൂടി എത്ര രൂപയുടെ സാധനങ്ങളാണ് നഷ്ടപ്പെട്ടിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്;

(ബി) ഇതിൽ എത്ര മോഷണസാധനങ്ങൾ കണ്ടെടുത്തിട്ടുണ്ട്; ഇനിയും എത്ര കണ്ടുപിടിക്കാനുണ്ട്;

(സി) മോഷണം പോയ സാധനങ്ങൾ കണ്ടുപിടിക്കുന്നതിന് പോലീസ് പ്രവർത്തനം തൃപ്തികരമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു; വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി)ഡോഗ് സ്ക്വാഡിന്റേയും ക്രൈം സ്റ്റോപ്പർ സംവിധാനത്തിന്റെയും മോഡസ് ഓപ്പറാന്റി ബ്യൂറോയുടേയും ത്വരിതഗതിയിൽ ഫിംഗർപ്രിന്റ് താരതമ്യ പഠനം നടത്തി കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനുള്ള കമ്പ്യൂട്ടർ സംവിധാനത്തിന്റെയും സേവനം ഇത്തരം കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനായി ഉപയോഗിക്കുന്നു. ഇവയ്ക്ക് പുറമേ മുൻകാലങ്ങളിൽ മോഷണക്കേസ്സുകളിൽ പ്രതികളായവരെ ചെക്കുചെയ്ത്, അവരുടെ ഹിസ്റ്ററി ഷീറ്റ് പരിശോധിച്ച് ഓരോ കളവിന്റേയും നിജസ്ഥിതി പരിശോധിച്ച് അതുവഴി കുറ്റവാളികളെ പിടികൂടാൻ ശ്രമിക്കുന്നുണ്ട്.

പോലീസ് സേനാംഗങ്ങൾക്ക് ആധുനിക രീതിയിലുള്ള പരിശീലനം

44 (2973)ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പോലീസ് സേനാംഗങ്ങൾക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നൽകുന്ന പരിശീലനം താഴെത്തട്ടിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly